# HADIA CSE Khutba Notes (12.05.2017)

## ബറാഅത്ത് സാർഥകമാകാൻ

ശഅ്ബാൻ 15 എന്ന വിശിഷ്ട ദിവസത്തിലാണ് നാമുള്ളത്. ഇതിന്റെ മഹത്വം ഉൾകൊണ്ട് ഇന്നത്തെ പകൽ നോമ്പ് പിടിക്കുകയും കഴിഞ്ഞ രാവ് പരമാവധി ഉപയോഗപ്പെടുത്തുകയും ചെയ്തവരായിരിക്കും നമ്മിൽ ഭൂരിഭാഗവും. എന്നാൽ, ഇത്തരം വിശുദ്ധ ദിനരാത്രങ്ങളിലൊന്നും അല്ലാഹു തിരിഞ്ഞു നോക്കുകയോ മഗ്ഫിറത്ത് ചൊരിഞ്ഞു നൽകുകയോ ചെയ്യാത്ത ഒരുവിഭാഗം നമുക്കിടയിലുണ്ട്. നാമെങ്ങാനും അവരിൽ പെട്ടിട്ടുണ്ടോ എന്ന ഒരു പരിശോധന ഇപ്പോൾ ഉചിതമായിരിക്കും. ആരാണവർ? പല ഹദീസുകളിലായി വിവിധ വിഭാഗങ്ങളെ അവിടന്ന് എടുത്തുപറഞ്ഞിട്ടുണ്ടെങ്കിലും (ഉദാ, മദ്യപാനിയും വ്യഭിചാരിയും) ബറാഅത്ത് രാവിന്റെ മഹത്വം ഉദ്ഘോഷിക്കുന്ന ഏതാണ്ടെല്ലാ നബിവചനങ്ങളിലും (അഹ്മദ്, ബൈഹഖി, ഇബ്നുമാജ, ത്വബ്റാനി, ബസ്സാർ, ദൈലമി, ഇബ്നു അബീ ശൈബ, മുൻദിരി, ഹൈസമി, അബ്ദുർറസാഖ്, മുസ്നദുശ്ശാമിയ്യീൻ) ആവർത്തിച്ച് പറയപ്പെട്ട ഒരു സംഘമുണ്ട്; *മുശാഹിൻ* അഥവാ മനസ്സിൽ മറ്റുള്ളവരോട് പിണക്കവും വിദ്വേഷവും കൊണ്ടു നടക്കുന്നവർ. കൽബ് ഗോത്രത്തിന്റെ ഉടമസ്ഥതയിലുള്ള ആട്ടിൻപറ്റങ്ങളുടെ രോമത്തിന്റെ എണ്ണംകണ്ട് ആളുകൾക്ക് അല്ലാഹു മഗ്ഫിറത്ത് നൽകുമെങ്കിലും ബറാഅത്ത് രാവിൽ മുശാഹിനിനെ മാറ്റി നിറുത്തുമെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു. ബറാഅത്തിൽ മാത്രമല്ല, മഹത്വമുണ്ടെന്ന കാര്യത്തിൽ ഏകാഭിപ്രായമുള്ള ലൈലത്തുൽ ഖദ്റിലും പിണക്കക്കാർക്ക് സ്ഥാനമുണ്ടാകുകയില്ല.

قد جاء في حديث ابن عباس مرفوعا : إن الله ينظر ليلة القدر إلى المؤمنين من أمة محمد صلى الله عليه و سلم فيعفو عنهم و يرحمهم إلا أربعة : مدمن خمر و عاقا و مشاحنا و قاطع رحم (لطائف المعارف)

നാം നിസ്കരിക്കുന്നതും നോമ്പുനോൽക്കുന്നതും അല്ലാഹു സ്വീകരിക്കണമെന്ന് മോഹിച്ചിട്ടാണല്ലോ. പിണക്കം അമലുകൾ സ്വീകരിക്കപ്പെടുന്നത് തടഞ്ഞുവെക്കും എന്നുപറയുമ്പോൾ തന്നെ അതിന്റെ ഗൗരവം ആലോചിക്കാവുന്നതേയുള്ളൂ.

عَنْ أَبِى هُرَيْرَةَ عَنْ رَسُولِ اللَّهِ –صلى الله عليه وسلم– قَالَ « تُعْرَضُ أَعْمَالُ النَّاسِ فِى كُلِّ جُمُعَةٍ مَرَّتَيْنِ يَوْمَ الاِثْنَيْنِ وَيَوْمَ الْخَمِيسِ فَيُغْفَرُ لِكُلِّ عَبْدٍ مُؤْمِنٍ إِلاَّ عَبْدًا بَيْنَهُ وَبَيْنَ أَخِيهِ شَحْنَاءُ فَيُقَالُ اتْرُكُوا هَذَيْنِ حَتَّى يَفِيئَا » (مسلم)

ഒരിക്കൽ ഒരു വെള്ളിയാഴ്ചരാവിൽ അബൂഹുറൈറ(റ) ബന്ധം വിഛേദിച്ചവരെ രൂക്ഷമായി വിമർശിച്ചു.

فأتى فتى عمة له قد صرمها منذ سنتين فدخل عليها فقالت له يا ابن أخي ما جاء بك قال سمعت أبا هريرة يقول كذا وكذا قالت ارجع إليه فسله لم قال ذاك قال سمعت النبي صلى الله عليه و سلم يقول إن أعمال بني آدم تعرض على الله تبارك وتعالى عشية كل خميس ليلة الجمعة فلا يقبل عمل قاطع رحم (الادب المفرد)

ഇത്ര ഗൗരവമുള്ള വിഷയമായിരുന്നിട്ടുപോലും വർഷങ്ങളും മാസങ്ങളും പിണക്കവുമായി കഴിയുന്നവർ നമ്മുടെ കൂട്ടത്തിലുണ്ടെന്നത് ഏറെ ദുഃഖകരമാണ്. സാമൂഹിക മാധ്യമങ്ങളുടെ കാലത്താണല്ലോ നാം ജീവിക്കുന്നത്. ഇതിന്റെ ഏറ്റവും വലിയ പ്രത്യേകത ഒരിക്കലും അടുക്കേണ്ടയാവശ്യമില്ലാത്ത അപരിചിതരും അന്യദേശക്കാരും അടുക്കുകയും ഒരിക്കലും അകലാൻ പാടില്ലാത്ത വീട്ടുകാരും നാട്ടുകാരും അകലുകയും ചെയ്തതാണെന്ന് നമുക്ക് നിരീക്ഷിക്കാവുന്നതാണ്.

**HADIA CSE Khutba Notes (12.05.2017)**

## ബറാഅത്ത് സാർഥകമാകാൻ

ഇന്ന് ശത്രുതയും പിണക്കവും ഏറ്റവും കൂടുതൽ ദൃശ്യമാവുന്നത് കുടുംബങ്ങൾക്കിടയിലാണ്. ഇത്തരക്കാരെ രണ്ടു സ്ഥലങ്ങളിൽ അല്ലാഹു ഖുർആനിലൂടെ ശപിക്കുന്നുണ്ട് (മുഹമ്മദ് 22,23 റഅ്ദ് 25). ഇത് *കബാഇറു*കളിൽ പെട്ടതാണ്. കുടുംബബന്ധം വിഛേദിക്കുന്നവനോട് അല്ലാഹു ബന്ധം മുറിക്കുമെന്ന് നിരവധി ഹദീസുകളിൽ കാണാം. (*വമൻ ഖഥഅഹാ ഖത്വഅ്തുഹു* –തുർമുദി). ഇതിന്റെ ശാപവും അവലക്ഷണവും ചെയ്ത വ്യക്തിയിൽ നിന്ന് നാട്ടിലേക്കും പരിസരത്തേക്കും പടർന്നു പിടിക്കുമെന്നും ഇസ്‌ലാം പഠിപ്പിക്കുന്നു.

عَنْ عَبْدِ اللَّهِ بْنِ أَبِي أَوْفَى ، قَالَ : كُنَّا جُلُوسًا مَعَ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ عَشِيَّةَ عَرَفَةَ فِي حَلْقَةٍ ، فَقَالَ : إِنَّا لا نُحِلُّ لِرَجُلٍ أَمْسَى قَاطِعَ رَحِمٍ إِلا قَامَ عَنَّا ، فَلَمْ يَقُمْ أَحَدٌ إِلا فَتًى كَانَ فِي أَقْصَى الْحَلْقَةِ ، فَأَتَى خَالَتَهُ ، فَقَالَتْ : مَا جَاءَ بِكَ ؟ مَا هَذَا عَنْ أَمْرِكَ ، فَأَخْبَرَهَا بِمَا قَالَ النَّبِيُّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ ، ثُمَّ رَجَعَ ، فَجَلَسَ فِي مَجْلِسِهِ ، فَقَالَ لَهُ النَّبِيُّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ : مَا لِي لَمْ أَرَ أَحَدًا مِنَ الْحَلْقَةِ غَيْرَكَ ، فَأَخْبَرَهُ بِمَا قَالَ لِخَالَتِهِ ، وَمَا قَالَتْ لَهُ ، فَقَالَ : اجْلِسْ فَقَدْ أَحْسَنْتَ ، أَمَا إِنَّهُ لا تَنْزِلُ الرَّحْمَةُ فِيهِمْ قَاطِعُ رَحِمٍ " (شرح السنة) و في رواية لا تَنْزِلُ الرَّحْمَةُ عَلَى قَوْمٍ فِيهِمْ قَاطِعُ رَحِمٍ.

ഇത്ര പ്രാധാന്യം നൽകേണ്ട വിഷയമായതുകൊണ്ടാണ് നബി(സ്വ) കുടുംബബന്ധത്തെപ്പറ്റി പ്രബോധനാരംഭത്തിൽ തന്നെ ഉണർത്തിയത്. അംറുബ്നുൽ അബസ പ്രബോധനത്തിന്റെ ആദ്യനാളിൽ പ്രവാചകനെ കാണാൻ മക്കയിൽ വന്നു.

قَالَ فِيهِ : دَخَلْتُ عَلَى النَّبِيِّ – صلى الله عليه وسلم – بِمَكَّةَ – يَعْنِي : فِي أَوَّلِ النُّبُوَّةِ – فقلتُ لَهُ : مَا أَنْتَ ؟ قَالَ : نَبِيٌّ فَقُلْتُ : وَمَا نَبِيٌّ ؟ قَالَ أرْسَلَنِي اللهُ تَعَالَى ، فقلت : بأيِّ شَيءٍ أرْسَلَكَ ؟ قَالَ : أرْسَلَنِي بِصِلَةِ الأَرْحَامِ وَكَسْرِ الأَوْثَانِ ، وَأنْ يُوَحَّدَ اللهُ (رياض الصالحين)

പ്രവാചകന്റെ പരസ്യപ്രബോധനം ആരംഭിക്കുന്നത് ഒരു കുടുംബബന്ധം ചേർക്കലിൽ നിന്നാണ് (പ്രമുഖ കുടുംബാംഗങ്ങളെ വിളിച്ച് തിരുമേനി(സ്വ) അവർക്ക് സദ്യ വിളമ്പിയ സംഭവം ഓർക്കുക, ശുഅറാഅ് 214). ബന്ധുക്കളെകുറിച്ച് പറയുമ്പോൾ അവരിൽ പ്രഥമ ഗണീയരായ മാതാപിതാക്കളെ മറക്കാൻ പറ്റില്ല. സാധാരണ മക്കൾ മാതാപിതാക്കളോട് പിണങ്ങുന്നത് അവർക്കിഷ്ടപ്പെടാത്ത വല്ല സമീപനങ്ങളോ പെരുമാറ്റങ്ങളോ ഉമ്മയിൽ നിന്നോ ഉപ്പയിൽ നിന്നോ ഉണ്ടാകുമ്പോഴാണ്. പ്രായമേറിയാൽ ഇങ്ങനെ സംഭവിക്കാവുന്നതേയുള്ളൂ. ഇത് പിണങ്ങിപ്പോവാനുള്ള ന്യായമല്ല.

قال ابن عباس رضي الله عنهما: ما من مسلم له والدان مسلمان يصبح إليهما محتسبًا إلا فتح الله بابين . يعني من الجنة . وإن كان واحدًا فواحد، وإن أغضب أحدهما لم يرض الله عنه حتى يرضى عنه، قيل: وإن ظلما؟ قال: وإن ظلما (الادب المفرد)

عَنِ ابْنِ عَبَّاسٍ، قَالَ: قَالَ رَسُولُ اللهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ: " مَنْ أَصْبَحَ مُطِيعًا فِي وَالِدَيْهِ أَصْبَحَ لَهُ بَابَانِ مَفْتُوحَانِ مِنَ الْجَنَّةِ، وَإِنْ كَانَ وَاحِدًا فَوَاحِدًا، وَمَنْ أَمْسَى عَاصِيًا لِلَّهِ فِي وَالِدَيْهِ أَصْبَحَ لَهُ بَابَانِ مَفْتُوحَانِ مِنَ النَّارِ، وَإِنْ كَانَ وَاحِدًا فَوَاحِدًا " قَالَ الرَّجُلُ: وَإِنْ ظَلَمَاهُ ؟ قَالَ: " وَإِنْ ظَلَمَاهُ، وَإِنْ ظَلَمَاهُ، وَإِنْ ظَلَمَاهُ " (شعب الايمان)

ഒരിക്കൽ നാവുകൊണ്ട് നിരന്തരം ദ്രോഹിക്കുന്ന ഉമ്മയെപ്പറ്റി ഒരാൾ പ്രവാചകനോട് പരാതി പറഞ്ഞു. പരാതി ആവർത്തിച്ചപ്പോൾ അവിടന്ന് നൽകിയ മറുപടി ഇങ്ങനെയായിരുന്നു:

لو قطعت لحمك ما اديت ربع حقها. اما علمت ان الجنة تحت اقدام الامهات (من كتاب درة الناصحين)

കുടുംബം കഴിഞ്ഞാൽ പിന്നെ പിണക്കം കൂടുതൽ ദൃശ്യമാകുന്നത് അയൽപക്കങ്ങളിലാണ്. ഇത്തരക്കാർ തമ്മിലാണ് നാളെ പരലോകത്ത് ആദ്യം തർക്കിക്കുക.

عَنْ عُقْبَةَ بْنِ عَامِرٍ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ أَوَّلُ خَصْمَيْنِ يَوْمَ الْقِيَامَةِ جَارَانِ (احمد) أي أول خصمين يقضى بينهما يوم القيامة جاران آذى أحدهما صاحبه اهتماماً بشأن حق الجوار الذي حث الشرع على رعايته (شرح المناوي)

عن ابن عمر قال : سمعت النبي صلى الله عليه و سلم يقول كم من جار متعلق بجاره يوم القيامة يقول يا رب هذا أغلق بابه دوني فمنع معروفه (الادب المفرد) "من أغلق بابه دون جاره مخافة على أهله وماله فليس ذلك بمؤمن، وليس بمؤمن من لا يأمن جاره بوائقه" (الخرائطي في مساوي الأخلاق عن ابن عمرو)

ശേഷം മുസ്‌ലിം ബഹുജനങ്ങൾക്കിടയിലും വിദ്വേഷം കാണുന്നു. ഒരാളോട് പിണങ്ങുന്നത് അവനെ വധിക്കുന്നതിന് തുല്യമാണെന്നാണ് പ്രവാചകൻ(സ്വ) പഠിപ്പിക്കുന്നത് (അബൂനഈം). മനുഷ്യരാവുമ്പോൾ ചെറിയ സ്വരച്ചേർച്ചകൾ ഉണ്ടാവുക സ്വാഭാവികമാണ്. പിണക്കവും ഇണക്കവുമെല്ലാം മനുഷ്യപ്രകൃതങ്ങളിൽ പെടുന്നു. ഇത് പരിഹരിക്കാൻ ഇസ്‌ലാം മൂന്നു ദിവസം സമയം നിശ്ചയിച്ചിട്ടുണ്ട്. അതിനപ്പുറം പോകുന്നവർ കുറ്റക്കാരാണ്.

عَنْ أَنَسِ بْنِ مَالِكٍ أَنَّ رَسُولَ اللَّهِ –صلى الله عليه وسلم– قَالَ « لاَ تَبَاغَضُوا وَلاَ تَحَاسَدُوا وَلاَ تَدَابَرُوا وَكُونُوا عِبَادَ اللَّهِ إِخْوَانًا وَلاَ يَحِلُّ لِمُسْلِمٍ أَنْ يَهْجُرَ أَخَاهُ فَوْقَ ثَلاَثٍ » (متفق عليه) و في روايات اخري: فمن هجر فوق ثلاث فمات دخل النار. يُفْهَم مِنْهُ إِبَاحَة الْهَجْر إِلَى ثَلَاث وَهُوَ رُخْصَة لِأَنَّ طَبْع الْآدَمِيّ عَلَى عَدَم تَحَمُّل الْمَكْرُوه (حاشية السندي علي ابن ماجة) عَنْ هِشَامِ بْنِ عَامِرٍ أَنَّهُ قَالَ: قَالَ رَسُولُ اللَّهِ صلى الله عليه وسلم: لاَ يَحِلُّ لِمُسْلِمٍ أَنْ يَهْجُرَ مُسْلِمًا فَوْقَ ثَلاَثِ لَيَالٍ، فَإِنَّهُمَا نَاكِبَانِ عَنِ الْحَقِّ مَا دَامَا عَلَى صُرَامِهِمَا وَأَوَّلُهُمَا فَيْئًا يَكُونُ سَبْقُهُ بِالْفَيْءِ كَفَّارَةً لَهُ، وَإِنْ سَلَّمَ فَلَمْ يَقْبَلْ وَرَدَّ عَلَيْهِ سَلاَمَهُ رَدَّتْ عَلَيْهِ الْمَلاَئِكَةُ وَرَدَّ عَلَى الآخَرِ الشَّيْطَانُ وَإِنْ مَاتَا عَلَى صُرَامِهِمَا لَمْ يَدْخُلاَ الْجَنَّةَ جَمِيعًا أَبَدًا (بيهقي)

ചുരുക്കത്തിൽ പിണക്കങ്ങൾ അവശേഷിപ്പിക്കാതിരിക്കാൻ നാം ശ്രദ്ധിക്കുക. നമ്മുടെ ബറാഅത്തുകളും റമളാനുകളും സാർഥകമാകാൻ അത് അത്യാവശ്യമാണ്. അഹംഭാവം (Ego) മാറ്റിവെച്ച് മസ്ലഹത്തിന് മുന്നിട്ടിറങ്ങുകയാണ് അതിനുള്ള വഴി (അൻഫാൽ 1, നിസാഅ് 114,128, ഹുജ്റാത്ത് 9,10).

عَنْ أَبِي الدَّرْدَاءِ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ أَلَا أُخْبِرُكُمْ بِأَفْضَلَ مِنْ دَرَجَةِ الصَّلَاةِ وَالصِّيَامِ وَالصَّدَقَةِ قَالُوا بَلَى قَالَ إِصْلَاحُ ذَاتِ الْبَيْنِ وَفَسَادُ ذَاتِ الْبَيْنِ هِيَ الْحَالِقَةُ (احمد) اي الحالقة للدين و

الاعمال الصالحات. عَنْ أَبِي أَيُّوبَ، أَنَّ النَّبِيَّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ لَهُ: " يَا أَبَا أَيُّوبَ، أَلَا أَدُلُّكَ عَلَى صَدَقَةٍ يُرْضِي اللهَ وَرَسُولَهُ مَوْضِعُهَا ؟ " قَالَ: بَلَى . قَالَ: " تصْلح بَيْنَ النَّاسِ إِذَا تَفَاسَدُوا، وَتُقَرِّبُ بَيْنَهُمْ إِذَا تَبَاعَدُوا " (شعب الايمان) و في رواية: قال لأبي أيوب: "ألا أدلك على تجارة؟" قال: بلى: قال: "تسعى في صلح بين الناس إذا تفاسدوا، وتُقَارب بينهم إذا تباعدوا".

عن أَبي هريرة رضي الله عنه ، قَالَ : قَالَ رَسُول الله – صلى الله عليه وسلم – : كُلُّ سُلاَمَى مِنَ النَّاسِ عَلَيهِ صَدَقَةٌ ، كُلَّ يَوْمٍ تَطْلُعُ فِيهِ الشَّمْسُ : تَعْدِلُ بَيْنَ الاثْنَينِ صَدَقَةٌ ... (متفق عليه) تعدل اي تصلح مع العدل.

عن أنس بن مالك رضي الله عنه قال : بينا رسول الله صلى الله عليه و سلم جالس إذ رأيناه ضحك حتى بدت ثناياه فقال له عمر : ما أضحكك يا رسول الله بأبي أنت و أمي ؟ قال : رجلان من أمتي جثيا بين يدي رب العزة فقال أحدهما : يا رب خذلي مظلمتي من أخي فقال الله تبارك و تعالى للطالب : فكيف بأخيك و لم يبق من حسناته شيء ؟ قال : يا رب فليحمل من أوزاري قال : و فاضت عينا رسول الله صلى الله عليه و سلم بالبكاء ثم قال : إن ذاك اليوم عظيم يحتاج الناس أن يحمل عنهم من أوزارهم فقال الله تعالى للطالب ارفع بصرك فانظر في الجنان فرفع رأسه فقال : يا رب أرى مدائن من ذهب و قصورا من ذهب مكللة باللؤلؤ لأي نبي هذا أو لأي صديق هذا أو لأي شهيد هذا ؟ قال : هذا لمن أعطى الثمن قال : يا رب و من يملك ذلك ؟ قال : أنت تملكه قال : بماذا قال : بعفوك عن أخيك قال : يا رب فإني قد عفوت عنه قال الله عز و جل : فخذ بيد أخيك فادخله الجنة فقال رسول الله صلى الله عليه و سلم عند ذلك : اتقوا الله و أصلحوا ذات بينكم فإن الله تعالى يصلح بين المسلمين (حاكم)

ഖുതുബ നോട്ട്സ്

HADIA Centre for Social Excellence (CSE)
Panakkad, Pattarkadavu P.O
Malappuram DT, Kerala -676519
csehadia@gmail.com I www.hadia.in

**For any clarification: 9496445823**

**Visit: www.hadia.in, www.islamonweb.net**

Follow our updates & like us: https://www.facebook.com/HADIACSE/